(Pages : 4) **S 3010**

# SSLC EXAMINATION, MARCH - 2026

## MALAYALAM

First Language - Paper II

Time : 1½ Hours Total Score : 40

---

**നിർദ്ദേശങ്ങൾ :**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദ്ദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം A അല്ലെങ്കിൽ B എന്ന തരത്തിലുള്ള ചോദ്യങ്ങളിൽ, ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

Score

**1 മുതൽ 4 വരെയുള്ള ചോദ്യങ്ങൾക്ക് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. (1 സ്കോർ വീതം)** **4x1=4**

1. "എന്തിനെന്നില്ലാതെ, അയാളെ വല്ലാതെ <u>അലോസരപ്പെടുത്തി</u>യിരുന്ന, അപകർഷപ്പെടുത്തിയിരുന്ന അവളുടെ വര" 1

(ചിത്രകാരി)

അടിവരയിട്ട പദത്തിന് സമാനാർത്ഥം വരുന്ന പദം ഏത് ?

(A) സന്തോഷിപ്പിക്കുക (B) ശല്യപ്പെടുത്തുക.

(C) അദ്ഭുതപ്പെടുത്തുക (D) നിരാശപ്പെടുത്തുക.

2. ചുവടെ കൊടുത്തവയിൽ ശരിയായി വിഗ്രഹിച്ചെഴുതിയത് ഏത് ? 1

(i) മാതാപിതാക്കൾ – മാതാവും പിതാവും

(ii) മണിമുഴക്കം – മണിയാകുന്ന മുഴക്കം

(iii) ആനന്ദാശ്രുക്കൾ – ആനന്ദത്താലുള്ള അശ്രുക്കൾ

(iv) അഭിപ്രായ പ്രകടനം – അഭിപ്രായവും പ്രകടനവും

(A) (ii) ഉം (iv) ഉം ശരി (B) (iv) മാത്രം ശരി

(C) (i) ഉം (iii) ഉം ശരി (D) (ii) മാത്രം ശരി

3. "ആദിമകാവ്യവും പഞ്ചമവേദവും 1
നീതിപ്പൊരുളുമുപനിഷത്തും."

(എന്റെ ഭാഷ)

ഈ വരികളിൽ പഞ്ചമവേദം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത് ?

(A) രാമായണം (B) ഋഗ്വേദം (C) ഭഗവദ്ഗീത (D) മഹാഭാരതം

P.T.O.

Score

4. ''ഞങ്ങളുടെ ചിറകടികൊണ്ട് ഈ 1

പൊരിവെയിലിൽ അവനും കുളിർമ്മ നൽകും''

(ഒരു പക്ഷിക്കുഞ്ഞിന്റെ മരണം)

വരികളുടെ ആശയത്തോട് ഏറ്റവും ചേർന്നു നിൽക്കുന്നത് ?

(A) സ്നേഹം (B) കോപം (C) വെറുപ്പ് (D) ദുഃഖം

**5 മുതൽ 7 വരെ ചോദ്യങ്ങൾക്ക് മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക. (3 സ്കോർ വീതം)** 3x3=9

5. ''ഹൃദ്യം സ്വഭാഷതൻ ശീകരമോരോന്നു- 3

മുൾത്തേനായ്ച്ചേരുന്നു ചിത്തതാരിൽ;''

(എന്റെ ഭാഷ)

ഭാഷയുടെ എന്തൊക്കെ പ്രത്യേകതകളാണ് വരികളിൽ വർണ്ണിക്കുന്നത് ?

6. അർഥവ്യത്യാസം വരാതെ മൂന്ന് വാക്യമാക്കുക. 3

വിശാലമായി വളർന്നു പന്തലിച്ചു നിൽക്കുന്ന മരത്തിന്റെ താഴ്ന്ന കൊമ്പുകളിലും ചുവട്ടിലുമായി ഒട്ടനവധി വെളുത്ത പക്ഷികൾ ശബ്ദമുണ്ടാക്കി രസിച്ചും പാടിയും കഴിയുന്നു.

7. (A) ''ഞാൻ ഓടിച്ചാടിക്കടന്ന കല്ലുകളെല്ലാം 3

അങ്ങാടി കാണുന്നു.

ഞാൻ ഇരുന്നിരുന്ന മരത്തിലെല്ലാം

വഴുക്കലാണ്.''

വരികളിൽ തെളിയുന്ന അർഥസൂചനകൾ കുറിക്കുക.

**അല്ലെങ്കിൽ**

(B) ''അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്ന ഈ നാടകം അക്കാലത്ത് ഒരാറ്റംബോംബായിരുന്നു.'' 3

(ചരിത്രം രചിച്ച നാടകം)

ഈ നിരീക്ഷണത്തിന്റെ പൊരുൾ വ്യക്തമാക്കുക.

Score

**8 മുതൽ 11 വരെ ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (5 സ്കോർ വീതം)** 4x5=20

8. ''പൂനിലാവ് വന്ന് പൂ വിതറണുണ്ട്
പൂക്കളിൽ പൂറാണിയായി
പൂത്തുനിൽക്കുന്നോളേ...
പൂത്തു നിൽക്കുന്നോളേ...'' 5

(ഖൽബിലെ നിലാവ്)

വരികളിലെ കാവ്യഭംഗി വിശദമാക്കുക.

9. ''മകനേ! നീ ആശിക്കുന്നതുപോലെ നിന്നെ തുടർന്നു പഠിപ്പിക്കണമെന്നാണ് എന്റേയും ആഗ്രഹം.'' 5

''ജോസിന്റെ കണ്ണുകളിൽ ആനന്ദാശ്രുക്കൾ നിറഞ്ഞു. അദ്ദേഹം വാത്സല്യപൂർവം അവന്റെ തോളിൽ തട്ടി.''

(ആനന്ദാശ്രുക്കൾ)

സൂചനയും പാഠവും വിശകലനം ചെയ്ത് ഫാദർ ഫ്രാൻസിസ് എന്ന കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷതകൾ കുറിക്കുക.

10. ''ഏതൊരു വേദവുമേതൊരു ശാസ്ത്രവു-
മേതൊരു കാവ്യവുമേതൊരാൾക്കും
ഹൃത്തിൽപ്പതിയേണമെങ്കിൽ സ്വഭാഷതൻ
വക്ത്രത്തിൽനിന്നുതാൻ കേൾക്കവേണം.'' 5

(വള്ളത്തോൾ)

''നിങ്ങൾ ഒരാളോട് അയാൾക്ക് മനസ്സിലാകുന്ന ഭാഷയിൽ സംസാരിക്കുമ്പോൾ അയാളുടെ തലച്ചോറിൽ കടക്കുന്നു. അയാളുടെ സ്വന്തം ഭാഷയിൽ സംസാരിക്കുമ്പോൾ അയാളുടെ ഹൃദയത്തിലേക്ക് കടക്കുന്നു.''

(നെൽസൺ മണ്ടേല)

മുകളിൽ നൽകിയ സൂചനകളിലെ മാതൃഭാഷയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

Score

11. (A) ''അറിവുനിർമ്മാണമെന്നത് സാമൂഹികമായ ഒരു പ്രക്രിയയാണ്. ക്ലാസ്സ് മുറികളിൽ നിന്ന് പഠിക്കുന്നതുപോലും അറിവായി മാറുന്നത് സാമൂഹികമായ ഇടപെടലുകളിലൂടെയാണ്.'' 5

(വിജ്ഞാന ഭാഷയും വൈജ്ഞാനിക സമൂഹവും)

ലേഖകന്റെ നിരീക്ഷണത്തോട് പ്രതികരിച്ച് കുറിപ്പ് തയ്യാറാക്കുക.

**അല്ലെങ്കിൽ**

(B) ''മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ 5
മർത്യനു പെറ്റമ്മ തൻഭാഷതാൻ''

(എന്റെ ഭാഷ)

- മാതൃഭാഷയിൽ പഠിക്കുമ്പോൾ കുട്ടികൾ കാര്യങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കുന്നു.

സൂചനയും പ്രസ്താവനയും വിലയിരുത്തി മാതൃഭാഷയുടെ പ്രാധാന്യം വ്യക്തമാക്കുന്ന കുറിപ്പ് തയ്യാറാക്കുക.

**ചുവടെ നൽകിയ ചോദ്യത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (7 സ്കോർ)** 1x7=7

12. (A) ''മറ്റ്ള്ളോരെക്കൊണ്ട് പറേപ്പിക്കാൻ ആള്ള് കൂടുമ്പോ ഓൾടെ വരേം കുറീം...'' 7
''പച്ചയുടെയും മഞ്ഞയുടെയും കുറേയേറെ വരകൾ. അയാൾക്ക് ഒന്നും പിടികിട്ടിയതേയില്ല.''
''ഫ്ലാസ്ക് തുറന്ന് ചായ പകരവേ, തുള്ളികൾ വീണ് അവളുടെ കൈയിലെ മഞ്ഞച്ചായം ഇളകിക്കൊണ്ടിരുന്നു.''

(ചിത്രകാരി)

സൂചനകളും കഥയും വിശകലനം ചെയ്ത് 'ചിത്രകാരി' എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

**അല്ലെങ്കിൽ**

(B) ''വീടുതോറുമേ കണി- 7
നിരന്നിട്ടതിൽ വിള-
യാടുമോ നീ, യെല്ലാർക്കു-
മന്നപൂർണ്ണയാം ദേവി?''

(വിഷുക്കണി)

കാവ്യഭാഗവും കവിതയിലെ മറ്റ് സൂചനകളും പരിഗണിച്ച് 'സാമൂഹ്യനീതിയും മനുഷ്യ നന്മയും' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

-oOo-